# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1690** **05-02-2019-ൽ**

മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.കെ.എൻ.എ ഖാദർ** | **ഡോ. കെ .ടി. ജലീൽ**<br>**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം ഉയർത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | എ) | 2016-17 വർഷത്തിലെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി സ.ഉ (കൈ) നം. 285/17/ഉ.വി.വ തീയതി 13.11.2017 പ്രകാരം 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി 75 കോടി രൂപയും കേരളവർമ്മ കോളേജുൾപ്പെടെ അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും പുതുതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും, പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 81 കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ SPV ആയ KITE മുഖാന്തിരം KITCO Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | കിഫ്ബി പദ്ധതി പ്രകാരം അടിസ്ഥാന വികസനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ |

| | | | |
|---|---|---|---|
| | | | വരുന്ന 48 ആർട്സ് & സയൻസ് കോളേജുകൾ, 7 എഞ്ചിനീയറിംഗ് കോളേജുകൾ, 9 പോളിടെക്നിക്കുകൾ, 2 പുതിയ ആർട്ട്സ് & സയൻസ് കോളേജുകൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 36 ആർട്സ് & സയൻസ് കോളേജുകൾ, 6 എഞ്ചിനീയറിംഗ് കോളേജുകൾ ഒരു പുതിയ ആർട്സ് & സയൻസ് കോളേജ് എന്നിവയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. |
| സി) | ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള, മഹാത്മാഗാന്ധി, ശ്രീ ശങ്കര, ന്യുവാൽസ് തുടങ്ങിയ സർവ്വകലാശാലകളിൽ Inter Disciplinary Research നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനായി അനുവദിച്ച പ്ലാൻ പദ്ധതികളിൽ പുതിയ പദ്ധതി ഇനത്തിൽ "promotion of Interdisciplinary Research Exposure in Colleges" |

| | | | |
|---|---|---|---|
| | | | എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയുടെ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്റർ തുടങ്ങുവാൻ സർവ്വകലാശാല ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**